**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4808** **01/07/2013-ൽ മറുപടിയ്ക്ക്**

**റോഡ് സ്ഥലമെടുപ്പിന്റെ പേരിൽ ദ്രോഹിച്ചതിനെതിരെ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ഡോക്ടർ പൽപ്പുവിന്റെ ചെറുമകൻ രവീന്ദ്രനാഥിന്റെ പുത്രി ആർ. ഷർമിള, പുലിയന്നൂർ, പാലാ സിവിൽ സ്റ്റേഷൻ പാരലൽ റോഡിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ മറവിൽ തങ്ങളുടെ കുടുംബത്തെ ദ്രോഹിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് 21-05-2013 ൽ ഒരു സങ്കട ഹർജി നൽകിയിരുന്നോ ; | (എ) | ഹർജി ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആ സങ്കട ഹർജിയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ ; | (ബി) | ഹർജിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ആ സങ്കട ഹർജിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) | പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഹർജി കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രി അവർകൾ മുമ്പാകെ,

കോട്ടയം, പാലാ, അരുണാപുരം, ഗീതാഞ്ജലിയിൽ പി.എം. പ്രതാപന്റെ ഭാര്യ ഷർമിള ബോധിപ്പിക്കുന്ന സങ്കടഹർജി.

വിഷയം : പുലിയന്നൂർ-പാലാ സിവിൽസ്റ്റേഷൻ പാരലൽ റോഡ് നിർമ്മാണ സ്ഥലം എടുപ്പിന്റെ മറവിലെ ദ്രോഹനടപടി സംബന്ധിച്ച്.

സർ,

ഞാൻ ഡോക്ടർ പൽപ്പുവിന്റെ രണ്ടാമത്തെ പുത്രിയും, നടരാജഗുരുവിന്റെ മൂത്ത സഹോദരിയുമായ ദാക്ഷായണിയുടെ പുത്രൻ രവീന്ദ്രനാഥിന്റെ പുത്രിയുമാണ്. കോളേജ് അദ്ധ്യാപികയായിരുന്ന എന്നെ 1993-ൽ വിവാഹം ചെയ്തത് പാലാ അരുണാപുരം ഗീതാഞ്ജലിയിൽ പി.എം. പ്രതാപ് ആണ്. ഈ വീട്ടിലാണ് കഴിഞ്ഞ പത്ത് ഇരുപത് വർഷമായി ഭർതൃമാതാപിതാക്കളും സഹോദരങ്ങളുമായി ഞാൻ താമസിച്ചു പോരുന്നത്. 10 വർഷം മുമ്പ് നിര്യാതനായ അച്ഛന്റെയും 5 വർഷം മുൻപ് നിര്യാതയായ അമ്മയുടെയും അന്ത്യവിശ്രമസ്ഥലം കൂടിയാണ് ഈ വീടിരിക്കുന്ന ഭൂമി.

സമീപകാലത്തായി മേൽപ്പറഞ്ഞ പുലിയന്നൂർ-പാല സിവിൽ സ്റ്റേഷൻ റിംഗ് റോഡ് പദ്ധതിയുടെ ആസൂത്രണനടപടികൾ നടക്കുന്നതായി അറിയാനിടയായി. ഇതു സംബന്ധിച്ച തുടരന്വേഷണങ്ങളിൽ ഈ റോഡ് പ്രപ്പോസലിന്റെ മറവിൽ ഞങ്ങളുടെ വീടും സ്ഥലവും അക്വയർ ചെയ്ത് ഞങ്ങളെ ഇറക്കിവിടുകയെന്ന "നിഗൂഢലക്ഷ്യം" പട്ടിൽപൊതിഞ്ഞ പാഷാണം എന്ന പോലെ ഉള്ളതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ഇക്കാര്യം സാധൂകരിക്കുന്ന നടപടികൾ ബഹു:പാലാ- മുൻസിപ്പൽ കൗൺസിലർ വി.ആർ. രാജേഷ്, 7.10.2011-ലും 7.04.2012 ലും, ബഹു: കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയെത്തുടർന്നുണ്ടായ സംഭവവികാസങ്ങളിലും, വെളിപ്പെടുത്തലുകളിലും ഉണ്ടായിട്ടുള്ളതാണ്. (ബഹുമാനപ്പെട്ട കൗൺസിലർ ശ്രീ. വി.ആർ. രാജേഷ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് 7.10.2011 ലും 7.04.2012 ലും നൽകിയ അപേക്ഷയുടെ പകർപ്പുകളും ഇതോടൊപ്പം നൽകുന്നു.)

ഇക്കാര്യത്തിൽ അധികാരികളുടെ ഭാഗത്തുനിന്ന് ധനവിനിയോഗമാർഗ്ഗ നിർദ്ദേശ തത്വങ്ങളും അംഗീകൃതവും, പരിഷ്കൃത ജനാധിപത്യപരവുമായ സമീപനവുമല്ല സ്വീകരിച്ചുകാണുന്നത്. പൊതുഖജനാവിന് വമ്പിച്ച ബാദ്ധ്യത വരുത്തിയും ചില നിഗൂഢലക്ഷ്യം സാധിക്കുന്നതിന് ഭരണസംവിധാനം തന്നെ ദുരുപയോഗം ചെയ്യുന്ന ദുഃസ്ഥിതിയാണ് ഇവിടെ വെളിപ്പെടുന്നത്.

*Cont...2*

11



ഭരണ കേന്ദ്രങ്ങളുടെ ധാർഷ്ട്യശക്തിക്കുമുമ്പിൽ നിസ്സഹായരായിത്തീർന്ന ഞങ്ങളെ ഈ ദുരവസ്ഥയിൽ നിന്ന് രക്ഷിക്കണമെന്ന യാചനയുമായി ബഹു: എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനെ സമീപിക്കുകയും എല്ലാവിവരങ്ങളും ധരിപ്പിക്കുകയും ചെയ്തതാണ്. അദ്ദേഹം ഇക്കാര്യം സ്ഥലം എം.എൽ.എയും ധനകാര്യമന്ത്രിയുമായ ശ്രീ. കെ.എം. മാണിയുമായി സംസാരിക്കാമെന്ന് വ്യക്തമാക്കിയിരുന്നു. അതിൻപ്രകാരം പിന്നീട് പ്രതീക്ഷയോടെ അദ്ദേഹത്തെ സമീപിച്ചപ്പോൾ ലഭിച്ച മറുപടി വളരെ നിരാശാജനകവും, ദുഃഖകരവുമായിരുന്നു. മാത്രമല്ല എനിയ്ക്ക് എസ്.എൻ.ഡി.പി, എസ്.എൻ. ട്രസ്റ്റ് സ്ഥാപനങ്ങളിൽ പത്തിരുന്നൂറിൽ പരം ഒഴിവുകളിലെ നിയമനത്തിന് ഫിനാൻഷ്യൽ സാങ്ഷൻ കിട്ടാനുള്ളതുമാണ്. അത് ഫൈനാൻസ് മിനിസ്റ്റർ ആണ് തരേണ്ടത്. അതുകൊണ്ട് ഒന്നും ചെയ്യാനാകില്ല എന്നാണ് അദ്ദേഹം നൽകിയ മറുപടി. ഈ സാഹചര്യത്തിൽ തികച്ചും ക്രൂരമായി പീഡിപ്പിക്കപ്പെടുന്നതോടൊപ്പം യഥാർത്ഥത്തിൽ ന്യായമായി ഞങ്ങൾക്ക് ലഭിക്കേണ്ട പ്രതിഫലം പോലും നൽകാതെയും ഞങ്ങളെ ദ്രോഹിക്കുന്നതിനുള്ള ശ്രമങ്ങളാണ് അണിയറയിൽ നടക്കുന്നതെന്നും വിശ്വസനീയമായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഈ കാര്യത്തിൽ അധികാരകേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്ന നടപടികൾ തികച്ചും വേദനാജനകവും, നിർഭാഗ്യകരവും, നമ്മുടെ സ്വതന്ത്ര ജനാധിപത്യ ജീവിതാവകാശങ്ങളുടെ ലംഘനവുമാണ്. മനുഷ്യരായി എല്ലാവർക്കും സ്വതന്ത്ര്യത്തോടും, സാഹോദര്യത്തോടും, സമഭാവനയോടും ജീവിക്കുന്നതിനായി സ്വാതന്ത്ര്യപൂർവ്വം ഭാരതത്തിൽ സ്വജീവിതം തപസ്സുപോലെ അനുഷ്ഠിച്ച ഡോക്ടർ പൽപ്പുവിന്റെ അനന്തരഗാമികൾക്ക് പോലും ജീവിക്കാനുള്ള മൗലീകാവകാശനിഷേധനടപടി മഹാത്മാഗാന്ധിജിയുടെ പിൻതുടർച്ചാപാരമ്പര്യം അവകാശപ്പെടുന്ന മുഖ്യമന്ത്രിയുടെ ഭരണത്തിൽ കീഴിൽ അചിന്ത്യമാണ്.

നിഷ്പക്ഷവും, വസ്തുനിഷ്ഠാപരവുമായ അടിയന്തിര അന്വേഷണം നടത്തിയാൽ സാങ്കേതികമായും വസ്തുതാപരമായും ഞങ്ങളുടെ പരാതി സത്യവും, ശരിയുമാണെന്ന് അങ്ങയ്ക്ക് ബോദ്ധ്യപ്പെടുന്നതായിരിക്കും. ഇക്കാര്യങ്ങൾ പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിച്ച് സങ്കടനിർവർത്തിയുണ്ടാക്കിത്തരണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

[signature]

ഷർമ്മിള.ആർ

തിരുവനന്തപുരം

21.05.2013